DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

06-05--2021

# കാർഷികമേഖലാവാർത്തകൾ

## അറിയിപ്പ്

സംസ്ഥാനത്ത് കോവിഡ് 19 വ്യാപനം തുടരുന്ന സാഹചര്യത്തിൽ രോഗപ്രതിരോധ നിയന്ത്രണങ്ങളുടെ ഭാഗമായി പല മേഖലകളെയും കണ്ടയിന്റ്മെന്റ് സോൺ ആയി പ്രഖ്യാപിച്ചിട്ടുണ്ട്. കർഷകരുടെ വളർത്തു മൃഗങ്ങളുടെയും മൃഗചികിത്സാ സംബന്ധിച്ച സംശയങ്ങൾ ദൂരീകരിക്കുന്നതിനും ചികിത്സാ ഉപദേശങ്ങൾ നൽകുന്നതിനുമായി മൃഗസംരക്ഷണവകുപ്പിൽ ടെലിവെറ്ററിനറി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനായി ജില്ലാ തലത്തിൽ ഒരു കാൾ സെന്റർ എല്ലാ പ്രവർത്തി ദിവസങ്ങളിലും രാവിലെ 8 മണി മുതൽ 1 മണിവരെ പ്രവർത്തിക്കുന്നതാണ്. ജില്ലകളിലെ കാൾ സെന്ററിലെ ഫോൺ നമ്പർ ഇനി പറയുന്നു. കർഷകർ ഈ സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്.

തിരുവനന്തപുരം -0471-2302643, കൊല്ലം -0474-2795076, പത്തനംതിട്ട -0468-2270908, ആലപ്പുഴ - 0477-2252635, കോട്ടയം - 0481 -2564623, ഇടുക്കി - 0486-2223878, എറണാകുളം -0484-2351264, തൃശ്ശൂർ - 0487-2440232, പാലക്കാട് - 9447303310, മലപ്പുറം - 0483- 2734815, കോഴിക്കോട് -0495-2368349, വയനാട് -04936 -202729, കണ്ണൂർ - 0497- 2700184, കാസർഗോഡ് - 04994-224624

## അറിയിപ്പ്

കൃഷി സംബന്ധമായ അറിവുകൾക്കും സംശയ നിവാരണത്തിനുമായി കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന, "കാർഷിക വിവരസങ്കേതം" കോൾ സെന്ററിലേയ്ക്ക് കർഷകർക്ക് രാവിലെ 8 മുതൽ രാത്രി 8 മണിവരെയുള്ള സമയത്ത് 1800-425-1661 എന്ന ടോൾഫ്രീ നമ്പരിലൂടെ ബന്ധപ്പെടാവുന്നതാണ്. കൂടാതെ 9447051661 എന്ന വാട്സ് ആപ്പ് നമ്പറിലൂടെ രോഗകീട ആക്രമണ ലക്ഷണങ്ങളുടെ ചിത്രങ്ങളും സന്ദേശങ്ങളും അയച്ചും സംശയങ്ങൾ ദൂരീകരിക്കാവുന്നതാണ്.

## അപേക്ഷ ക്ഷണിക്കുന്നു

വിള സംരക്ഷണോപാധികൾ, ഭക്ഷ്യ സംസ്കരണം, കാർഷിക വിതരണ ശൃംഖല, കൃത്യതാ കൃഷി, ജൈവ കൃഷി, അഗ്രി ക്ലിനിക്കുകളും ഫാം ഹെൽത്ത് സെന്ററുകളും, കാർഷിക യന്ത്രവത്കരണം തുടങ്ങിയ മേഖലകളിൽ പ്രാരംഭ ഘട്ടത്തിലുള്ള അഗ്രി സ്റ്റാർട്ട് അപ്പുകൾക്കും നിലവിലുള്ള പ്രോട്ടോടൈപ്പുകളുടെ വാണിജ്യവത്കരണത്തിനും കെ.എ.യു റഫ്‌ത്താർ അഗ്രിബിസിനസ്സ് ഇൻക്യുബേറ്ററിന്റെ സ്റ്റാർട്ട് അപ്പ് ഇൻക്യുബേഷൻ പ്രോഗ്രാമിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 31. കൂടുതൽ വിവരങ്ങൾക്ക് 7899423314, 9496987073, 0487-2438332 എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്

## ജൈവ ഉപാധികൾ ലഭ്യമാണ്

അമ്പലവയൽ കൃഷി വിജ്ഞാന കേന്ദ്രത്തിൽ നിന്നു സ്യൂഡോമോണാസ്, ട്രൈക്കോഡെർമ, ബിവേറിയ, ലെക്കാനിസീലിയം, മെറ്റാറൈസിയം, പേസിലോമൈസസ്, അസറ്റോബാക്ടർ, ബയോ പൊട്ടാഷ്, റൈസോബിയം, കൂൺവിത്ത് എന്നിവ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9498930411, 8590543454 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

## അറിയിപ്പ്

തിരുവനന്തപുരം കുടപ്പനക്കുന്ന്, പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും പൂവൻ കോഴിക്കുഞ്ഞുങ്ങൾ കോഴിക്കുഞ്ഞ് ഒരെണ്ണത്തിന് 10 രൂപ നിരക്കിൽ വിൽപ്പനയ്ക്ക് സജ്ജമാണ്. കോഴിക്കുഞ്ഞുങ്ങളെ ആവശ്യമുള്ള ഉപഭോക്താക്കൾ 0471- 2730804 എന്ന ഫോൺ നമ്പരിൽ കോഴി വളർത്തൽ കേന്ദ്രവുമായി ബന്ധപ്പെടേണ്ടതാണെന്ന് കുടപ്പനക്കുന്ന്, പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിലെ അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു.

## പൈനാപ്പിൾ തൈകൾ ലഭ്യമാണ്

വാഴക്കുളം പൈനാപ്പിൾ ഗവേഷണ കേന്ദ്രത്തിൽ നിന്നും MD-2 ഇനം പൈനാപ്പിൾ തൈകൾ വിൽപ്പനയ്ക്ക് ലഭ്യമാണ്. വില 20 രൂപ. കൂടുതൽ വിവരങ്ങൾക്ക് 0485-2260832 എന്ന നമ്പരിൽ ബന്ധപ്പെടുക. കൂടാതെ പാഷൻഫ്രൂട്ടിന്റെ മഞ്ഞ, പർപ്പിൾ തൈകളും 20 രൂപ നിരക്കിൽ ലഭ്യമാണ്.

## കശുമാങ്ങ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ലഭ്യമാണ്

കൃഷിവകുപ്പിന്റെ ആറളം ഫാമിൽ നിന്നും കശുമാങ്ങയുടെ മൂല്യവർധിത ഉത്പന്നങ്ങളായ ജാം, അച്ചാർ, സ്ക്വാഷ് എന്നിവ വിപണിയിലിറക്കിയിട്ടുണ്ട്. ഫാം സെൻട്രൽ നഴ്സറി, ഫാമിന്റെ ഇരിട്ടി തണൽ സൂപ്പർമാർക്കറ്റ് എന്നിവിടങ്ങളിൽ നിന്നും ആറളം ബ്രാൻഡിലുള്ള ഈ ഉത്പന്നങ്ങൾ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0490-2444740 എന്ന നമ്പരിൽ ബന്ധപ്പെടുക.

## തെങ്ങിൻ തൈകൾ വിൽപ്പനയ്ക്ക്

വി.എഫ്.പി.സി.കെ യുടെ തിരുവനന്തപുരം ആനയറയിലുള്ള കൃഷി ബിസിനസ്സ് കേന്ദ്രയിൽ തെങ്ങിൻ തൈകൾ വിൽപ്പനയ്ക്ക് ലഭ്യമാണ്. TxD തൈകൾ, DxT തൈകൾ എന്നിവ 200 രൂപയും നാടൻ തെങ്ങിൻ തൈകൾ 100 രൂപയുമാണ് വില. കൂടുതൽ വിവരങ്ങൾക്ക് **8281635530** എന്ന നമ്പരിൽ ബന്ധപ്പെടുക.

## പഴം പച്ചക്കറി തൈകൾ വിൽപനയ്ക്ക് ലഭ്യമാണ്

കായംകുളം ഭരണിക്കാവ് സർവ്വീസ് സഹകരണ ബാങ്കിന്റെ കാർഷിക നഴ്സറിയിൽ പൂച്ചെടികൾ, അലങ്കാരച്ചെടികൾ, പഴച്ചെടികൾ എല്ലാമായി വിദേശ ഇനങ്ങൾ ഉൾപ്പെടെ പല പുതിയ ഇനങ്ങളുടെയും തൈകൾ വിൽപനയ്ക്ക് ലഭ്യമാണ്. കൂടാതെ ചെടിച്ചട്ടികൾ, വളങ്ങൾ, നഴ്സറി ഉപകരണങ്ങൾ എന്നിവയും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9446010755 എന്ന നമ്പരിൽ ബന്ധപ്പെടുക.

# അറിയിപ്പ്

വേനലിൽ വിളകൾക്ക് ജലലഭ്യത ഉറപ്പാക്കുന്നതിനുള്ള ക്യാപ്സൂൾ പട്ടാമ്പി കൃഷിവിജ്ഞാന കേന്ദ്രത്തിൽ ലഭ്യമാണ്. വിളകളുടെ വേരുപടലത്തിലാണ് ക്യാപ്സൂൾ നിക്ഷേപിക്കുക. ഒരു ഗ്രോബാഗിൽ 4 ക്യാപ്സൂൾ വേണം. വാഴയ്ക്ക് 8, കമുകിന് 10, തെങ്ങ്, ജാതി എന്നിവയ്ക്ക് 20 ക്യാപ്സ്യൂളുകളാണ് നൽകേണ്ടത്. ജലത്തിന്റെ അളവ് കുറയ്ക്കാനും രണ്ട് നനകൾ തമ്മിലുള്ള ഇടവേള കൂട്ടാനും ഇതിലൂടെ സാധിക്കും. വില ഒരു ക്യാപ്സൂളിന് 3 രൂപ. കൊറിയർ ചാർജ്ജ് അടക്കം അയച്ചാൽ തപാലിൽ ലഭ്യമാകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0476 2212279 എന്ന നമ്പരിൽ ബന്ധപ്പെടുക.